കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോട്ടുകാൽ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1733/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,
തീയതി: 16.08.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കോട്ടുകാൽ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ.

പകർപ്പ്:

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

എസ്.7/9/17

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1733 /2017 തീയതി: 16.08.2017

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -*

*വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 5എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 12.06.2017 മുതൽ 19.06.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീമതി. ലതാകുമാരി. എം, ഓഡിറ്റ് ഓഫീസർ ശ്രീ.അരുൺ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഷിംജി.ജി, ഓഡിറ്റർ<br>ശ്രീ. രാജു.എസ്,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സജി | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എസ്.സജീവ് ലാൽ | 01-04-2016മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സ്റ്റീഫൻ.റ്റി.എം | 01-04-2016മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.വി.എ.അനിൽ കുമാർ | 01-04-2016മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലത.എ | 01-04-2016മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. (സൗത്ത് സർക്കിൾ) | ശ്രീമതി.എസ്.ബിന്ദു | 01-04-2016മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. (നോർത്ത് സർക്കിൾ) | ശ്രീമതി.ഷീജ | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽഓഫീസർ. (പി.എച്ച്.സി,) | ഡോ.ചിന്താ സുകുമാരൻ | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിമി.കെ.രാജൻ | 01-04-2016മുതൽ 31-03-2017 വരെ |
| ഹെഡ്മിസ്ട്രസ്സ്, ഗവ.യു. | ശ്രീമതി.കെ. രമണി. | 01-04-2016മുതൽ |

| | | |
|---|---|---|
| പി.എസ്. ചൊവ്വര | | 31-03-2017 വരെ |
| അസി.എൻജിനീയർ | ശ്രീ.അനി.റ്റി.പി. | 01-04-2016മുതൽ 31-03-2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | സുശീൽ കുമാർ | 01-04-2016മുതൽ 31-03-2017 വരെ |
| അസി.സെക്രട്ടറി | വിഷ്ണു നമ്പൂതിരി | 01-04-2016മുതൽ 31-03-2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | തൊഴിൽ  നികുതി ഈടാക്കുന്നതിൽ വീഴ്ച | 2-1 | |
| 13 | ലേലം - അപാകതകൾ | 2-2 | |
| | ഭാഗം - 3 | | |
| 14 | തെങ്ങു കയറ്റ യന്ത്രം - സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി ആനുകൂല്യം നൽകി. | 3-1 | |
| 15 | മെഡിക്കൽ ഓഫീസർ ഹോമിയോ - മരുന്ന് ലഭ്യമാക്കുന്നതിൽ കാല താമസം | 3-2 | |
| 16 | പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് അനാവശ്യമായ കാലതാമസം | 3-3 | |
| 17 | മത്സ്യ തൊഴിലാളി സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക നൽകി | 3-4 | |

| | | | |
|---|---|---|---|
| | | | |
| 18 | ഫർണിച്ചർ വാങ്ങൽ പദ്ധതി നടപടികളിലെ വീഴ്ച – പദ്ധതി പകുതിയിൽ ഉപേക്ഷിച്ചു. | 3-5 | |
| 19 | മെഡിക്കൽ ഓഫീസറുടെ പ്രോജക്ടുകൾ - അപാകതകൾ | 3-6 | |
| 20 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ,ചെലവഴിച്ചു- 13.4 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു | 3-7 | |
| 21 | സ്വയം തൊഴിൽ വായ്പ - ക്രമവിരുദ്ധമായി സബ്സിഡി തുക അനുവദിച്ചു | 3-8 | |
| 22 | ലാപ് ടോപ്പ് വിതരണം - അധിക തുക ചെലവഴിച്ചു | 3-9 | |
| 23 | വക്കീൽ ഫീസ് - ആദായ നികുതി ഈടാക്കുന്നില്ല | 3-10 | |
| 24 | പൊതു ടാപ്പുകളുടെ വെള്ളക്കരം - ഫയൽ ലഭ്യമല്ല. കുടിശ്ശികയുടെ കാര്യത്തിൽ അവ്യക്തത | 3-11 | |
| 25 | വികലാംഗ  പെൻഷൻ അനുവദിച്ചതിൽ അപാകതകൾ | 3-12 | |
| | ഭാഗം - 4 | | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 29 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 16.03.2016 - ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 04.08.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 14968027

വരവ് : 80148006

ആകെ : 95116033

ചെലവ് : 74377711

നീക്കിയിരിപ്പ് : 20738322

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 18459725 | 18459725 | 18459725 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 4784931 | 4784931 | 4784931 | - | 100 |
| വികസനഫണ്ട് ടി.എസ്.പി | - | 2241 | 2241 | 2241 | - | 100 |
| 13-ാം ധന കാര്യകമ്മീ ഷൻ ഗ്രാന്റ് | - | 5920793 | 5920793 | 5920793 | - | 100 |
| പെർഫോ മൻസ് ഗ്രാന്റ് | - | 3291676 | 3291676 | 3291676 | - | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | 9245595 | 9245595 | 9245595 | - | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ | - | 4950029 | 4950029 | 4950029 | - | 100 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| സാക്ഷരത | 9333 | 121400 | 130733 | 124500 | 6233 | - |
| എം.എൻ.ആർ. ഇ.ജി.എസ്. | - | 1693564 | 1693564 | 1693564 | - | 100 |
| I. C. D .S | - | 1290698 | 1290698 | 1290698 | - | 100 |
| മറ്റ് വരവുകൾ | 14958694 | 30387354 | 45346048 | 24613959 | 20732089 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 154283394 | 122 | 74377711 | - | 92 | 57 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| *നികുതി വരവുകൾ* | 8507572 | 2957679 | -5549893 | |
| *നികുതിയേതര വരവുകൾ* | 2539934 | 27429675 | 24889741 | |
| ആകെ | 11047506 | 30387354 | 19339848 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1302840 | 790 |
| കർഷകതൊഴിലാളി പെൻഷൻ | 8329990 | 1054 |
| വിധവാപെൻഷൻ | 14488110 | 1369 |
| വാർദ്ധക്യകാലപെൻഷൻ | 16887700 | 1641 |
| വികലാംഗപെൻഷൻ | 5505100 | 515 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 338200 | 44 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 12.06.2017തീയതിയിൽ 10.45 am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8249/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സിഡ്കോയിൽ നിന്നും വാങ്ങലുകൾ ടെൻഡർ ഇല്ലാതെ നേരിട്ട് നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം സ്വയം നിർമ്മിക്കുന്ന സാധന സാമഗ്രികൾ മാത്രം, കെൽട്രോൺ, സിഡ്കോ എന്നിവടങ്ങളിൽ നിന്നും ടെൻഡർ നടപടികൾ ഒഴിവാക്കി വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.04.2017 | 2016-17 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-03-2015 | 2009-10 to 2013-2014 | 05-08-2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

എ) തൊഴിൽ നികുതി കണക്കാക്കുമ്പോൾ അർദ്ധ വാർഷിക നികുതി മുഴുവനായും പരിഗണിക്കുന്നതായി കാണുന്നില്ല.

ബി) പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാർ, എഞ്ചിനീയർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

സി) കല്യാണ മണ്ഡപങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

മേൽപ്പറഞ്ഞ അപാകതകൾ ഒഴിവാക്കി തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരാതിരിക്കാൻ ശ്രമിക്കേണ്ടതാണ്.

## 2-2 ലേലം - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഉച്ചക്കട ചന്തയുടെ ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികളിൽ നിന്നും നിരത ദ്രവ്യം പിരിച്ചെടുക്കുന്നില്ല. നിരത ദ്രവ്യം വാങ്ങി അക്കൗണ്ടിൽ വരവ് വെക്കുകയും ലേലം ഉറപ്പിച്ചു കഴിഞ്ഞതിനു ശേഷം തിരിച്ചു നൽകുന്നതിന് പകരം ലേല ദിവസം നിരത ദ്രവ്യം വാങ്ങി കയ്യിൽ സൂക്ഷിക്കുകയും ലേലം അവസാനിക്കുമ്പോൾ തിരികെ നൽകുകയും ചെയ്യുന്നു. ഇത് തെറ്റായ നടപടിക്രമം ആണ്. ലേലവുമായി ബന്ധപ്പെട്ട നിരത ദ്രവ്യം വാങ്ങി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. ലേലം അവസാനിച്ചതിന് ശേഷം ലേലം പിടിക്കാത്ത വ്യക്തികൾക്ക് തിരികെ നൽകേണ്ടതുമാണ്.

ലേല നിബന്ധന പ്രകാരം കൂടുതൽ തുകക്ക് ലേലം വിളിച്ചയാൾ മൊത്തം തുകയുടെ 25% അന്നേദിവസം ഒടുക്കേണ്ടതും ബാക്കി തുക രണ്ടു തുല്യ ഗഡുക്കളായി 01.05.2016, 30.07.2016 തീയതികളിൽ ഒടുക്കേണ്ടതാണെന്നും പറയുന്നു. എന്നാൽ 09.03.2016 ൽ നടന്ന ലേലത്തിൽ ഉയർന്ന തുക വിളിച്ച ശ്രീ സലിം, 25% തുക ഒടുക്കിയിരിക്കുന്നതു 14.03.2016 ലാണ്. കൂടാതെ മുഴുവൻ തുകയും ഒടുക്കിയിരിക്കുന്നത് 4 ഗഡുക്കളായാണ്. ഇത് ലേല നിബന്ധനയുടെ ലംഘനമാണ്.

ലേലം വിളിച്ചു തുടങ്ങുന്ന തുക നിശ്ചയിക്കുന്നതിന് പ്രത്യേകിച്ച് മാർഗനിർദേശങ്ങൾ ഉള്ളതായി കാണുന്നില്ല.

സർക്കാർ നിശ്ചയിച്ച 2.5% നിരത ദ്രവ്യം ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും ഈടാക്കുന്നില്ല. ഭാവിയിൽ ലേല നിബന്ധനകൾ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെങ്ങുകയറ്റ യന്ത്രം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി ആനുകൂല്യം

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | തെങ്ങ് കയറ്റ യന്ത്രം |
| പ്രൊജക്ടിന്റെ പേര് | S0077/17 |
| അടങ്കൽ തുക | 62500/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് | 37500.00 |
| ബിൽ നമ്പർ/തീയതി | അഗ്രി.3/16-17, 18.3.2017 |

2016-17സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ തെങ്ങ് കയറ്റ യന്ത്രം പ്രൊജക്ടിന്

സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി ആനുകൂല്യം നൽകിയിരിക്കുന്നു.

ജി.ഒ(എം.എസ്)4/2016 ത.സ്വ.ഭ.വ തീയതി 11.01.2016 പ്രകാരം കർഷകർ മാത്രം അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾ, രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ,കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിതാ ക്രഷക സംഘങ്ങൾ എന്നിവയ്ക്ക് തെങ്ങിത് കയറാനുള്ള യന്ത്രം പരമാവധി 75% സബ്സിഡി നിരക്കിൽ നൽകാവുന്നതാണ്. വ്യക്തികൾക്ക് നൽകാൻ പാടില്ല.

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കോട്ടുകാൽ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ മുഖേന തെങ്ങുകയറ്റ യന്ത്രം നൽകിയതിൽ ഒരാളിന് 1250/-രൂപ നിരക്കിൽ 15 പേർക്ക് 18750/- രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെയ്തതിന് തൃപ്തികരമായ മറുപടി നൽകേണ്ടതാണ്.

അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പുനർനിർണ്ണയം ചെയ്യുന്നതാണ്.

## 3-2 മെഡിക്കൽ ഓഫീസർ, ഹോമിയോ - മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | ഹോമിയോ അശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | : | SO 121/17 |
| അടങ്കൽ തുക | : | 1ലക്ഷം രൂപ |
| ഫണ്ടിനം | : | വികസനഫണ്ട് |
| ചെലവ് തുക | : | 1 ലക്ഷം രൂപ |
| ബിൽ നം./തീയതി | : | 1/16-17, 2.2.17 |

2016-17 സാമ്പത്തിക വർഷം ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി കേരളസംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ നിന്നും 1 ലക്ഷം രൂപയുടെ മരുന്ന് വാങ്ങുന്നതിനായി വിഴിഞ്ഞം സബ്ട്രഷറി മുഖേന പ്രസ്തുത തുക ഹോംകോ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് 09.02.2017-ാം തീയതി NEFT ട്രാൻസാക്ഷൻ നടത്തിയിട്ടുള്ളതാണ്. എന്നാൽ മരുന്ന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ മരുന്ന് വാങ്ങുമ്പോൾ മരുന്ന് സമയബന്ധിതമായി ലഭിക്കുന്നതിന് കരാർ ചമയ്ക്കേണ്ടതും ആയത് സമയബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. കരാർ വെച്ചിരുന്നെങ്കിൽ മരുന്ന് സമയബന്ധിതമായി നൽകാത്ത പക്ഷം സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കാവുന്നതാണ്. അടിയന്തിരമായി മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ അനാവശ്യമായ കാലതാമസം

നിർദ്ദിഷ്ട ഫോറത്തിലുള്ള പെൻഷൻ അപേക്ഷകളിൽ അതിന്റെ അർഹത സംബന്ധിച്ച റിപ്പോർട്ട് വരുമാന സർട്ടിഫിക്കറ്റ് ഉൾപ്പെടെ നിശ്ചിത ഫോറത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ നിശ്ചിത ദിവസത്തിനകം നൽകേണ്ടതാണ്. പഞ്ചായത്തിൽ ലഭ്യമാകുന്ന പെൻഷൻ അപേക്ഷകൾ റിപ്പോർട്ടിനായി ഒരാഴ്ചയ്ക്കകം നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം അടുത്ത യോഗത്തിൽ യോഗ്യരായവർക്ക് പെൻഷൻ അനുവദിക്കുന്നതിന് കമ്മിറ്റി തീരുമാനം എടുക്കുന്നു. എന്നാൽ പെൻഷൻ അപേക്ഷകളിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ അനാവശ്യമായ കാലതാമസം നേരിടുന്നതിനാൽ പെൻഷൻ അനുവദിക്കുന്നതിൽ ഉൾപ്പെടെ കാലതാമസം ഉണ്ടാകുന്നു.

ഉദാ:ബി3/1204/17 അന്വേഷണത്തിന് നൽകിയ തീയതി: 23.02.2017 ഐ.സി.ഡി.എസ് സൂപ്പർവൈസർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

സമൂഹത്തിലെ അഗതികളും അശരണരുമുൾപ്പെടെയുള്ളവർ സമർപ്പിക്കുന്ന പെൻഷൻ അപേക്ഷകളിന്മേൽ കഴിയുന്നതും വേഗം നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 മൽസ്യ തൊഴിലാളി സംഘങ്ങൾക്ക് റിവോൾവിങ് ഫണ്ട് - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 106/16 |
| അടങ്കൽ തുക | 1250000 (ഫണ്ടിനം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് ഓഫീസർ |

| | |
|---|---|
| 1 | മൽസ്യ തൊഴിലാളി സംഘങ്ങൾക്ക് മത്സ്യ വിപണനം നടത്താൻ റിവോൾവിങ് ഫണ്ട് നല്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. ടി പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായി. റേഷൻ കാർഡ് തുടങ്ങിയ രേഖകൾ പരിശോധിക്കാതെ പല സംഘങ്ങൾക്കും റിവോൾവിങ് ഫണ്ട് നൽകി. |
| 2 | മൽസ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളാണോ എന്ന് |

| | |
|---|---|
| | ഉറപ്പു വരുത്താതെ ഫണ്ട് നൽകി. |
| 3 | എ പി എൽ വിഭാഗത്തിലെ അംഗങ്ങൾക്കും ഫണ്ട് നൽകി. |

സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ട കുടുംബത്തിലെ അംഗത്തിനും തുക നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച തുക തിരികെ ഒടുക്കാം എന്ന മറുപടിയാണ് ലഭിച്ചത് . ആയതിനാൽ മാർഗ്ഗ നിർദേശത്തിനു വിരുദ്ധമായി നൽകിയ 3000/- രൂപ നിരാകരിക്കുന്നു.

## 3-5 ഫർണിച്ചർ വാങ്ങൽ പദ്ധതി നടപടികളിലെ വീഴ്ച – പദ്ധതി പകുതിയിൽ ഉപേക്ഷിച്ചു.

പ്രോജക്റ്റ് നമ്പർ : SO 88/17

അടങ്കൽ തുക : 340000 (വികസനഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് തുക : 1206000

ബിൽ നമ്പർ/തീയതി : 1/16, 30.03.16

എസ്.സി വിദ്യാർഥികൾക്ക് ഫർണിച്ചർ വാങ്ങി നല്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി ടെൻഡർ ക്ഷണിക്കുകയും ടെൻഡർ നടപടികളിലുണ്ടായ വീഴ്ച കാരണം ഫർണിച്ചർ ലഭ്യമാകാതെ വരികയും പദ്ധതി തുക പാഴായി പോവുകയും ചെയ്തു. ഇത് സംബന്ധിച്ച ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

| | |
|---|---|
| 1 | ലഭിച്ച ടെൻഡറുകളിൽ ഏറ്റവും കുറഞ്ഞ തുകക്കുള്ള ടെൻഡർ അവഗണിച്ചു. ഇങ്ങനെ ചെയ്യുന്നതിൽ പ്രത്യേകിച്ച് കാരണം രേഖപ്പെടുത്തിയില്ല. |
| 2 | 18.11.2016ൽ പഞ്ചായത്ത് കമ്മിറ്റി ടെൻഡർ തെരെഞ്ഞെടുത്തുവെങ്കിലും സപ്ലൈ ഓർഡർ നൽകിയത് 02.02.2017 നു ആണ് |
| 3 | ഒരു മാസത്തിനു ശേഷവും മറുപടി ലഭിക്കാതിരുന്നപ്പോൾ ഓർഡർ റദ്ദാക്കി അടുത്ത നടപടികളിലേക്ക് കടക്കുന്നതിനു പകരം 03.03.2017ൽ ഓർമ്മക്കുറിപ്പ് അയക്കുകയാണുണ്ടായത്. |
| 4 | ഇതിനും മറുപടി ലഭിക്കാത്തതിനെ തുടർന്ന് സാമ്പത്തിക വർഷം അവസാനിക്കുകയും പദ്ധതി തുക ചെലവഴിക്കപ്പെടാതെ പദ്ധതി മുടങ്ങിപ്പോകുകയും ചെയ്തു. |

സപ്ലൈ ഓർഡർ നൽകി 21 ദിവസത്തിനുള്ളിൽ പെർഫോമൻസ് സെക്യൂരിറ്റി / കോൺട്രാക്ട് വെക്കാത്തതിനാൽ ഓർഡർ റദ്ദാക്കി, തുടർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. ഇത്തരത്തിൽ അനാവശ്യമായ കാലതാമസവും, സ്റ്റോർ പർച്ചേസ് നടപടി ക്രമം പാലിക്കാത്തതിനാലും പദ്ധതി തുക ചെലവഴിക്കപ്പെടാതെ പോയി. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും, കുറ്റമറ്റ രീതിയിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമാണ്.

## 3-6 മെഡിക്കൽ ഓഫീസറുടെ പ്രോജക്ടുകൾ – അപാകതകൾ

(1) പ്രോജക്ട് നമ്പർ : SO 64/17, (ഇ.സി.ജി മെഷീൻ വാങ്ങൽ)

അടങ്കൽ തുക : 50,000 (വികസനഫണ്ട്)

ബിൽ നമ്പർ/തീയതി : 2/16-17, 17.02.17

പി.എച്ച്.സി യിലെ ആവശ്യത്തിലേക്കായി എയർ കണ്ടിഷണർ, ഇസിജി മെഷീൻ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി അവ പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കു താഴെ പറയുന്ന മറുപടിയാണ് ലഭിച്ചത്.

| | |
|---|---|
| എ | എ.സി വാങ്ങിയത് കെ.എം.എസ്. സി.എൽ വഴിയാണ്, (അത് സ്ഥാപിക്കുന്നത് അവരുടെ നിയന്ത്രണത്തിലുമാണ്). |
| ബി | ഇസിജി മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ടെക്നീഷ്യനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. |

ഫയൽ പരിശോധിച്ചതിൽ ടെക്നീഷ്യനെ നിയമിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ മേല്പറഞ്ഞ രണ്ട് മെഷീനുകളും അടിയന്തിരമായി ഇൻസ്റ്റാൾ ചെയ്തു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| (2) പ്രോജക്ട് നമ്പർ | SO 61/17, പാലീയേറ്റീവ് കെയർ |
| തുക | 50,0000 |
| ചെലവ് തുക | 22358 |
| ബിൽ നമ്പർ/തീയതി | 5/16-17, 17.02.17 |

പി.എച്ച്.സി യിലേക്കും പാലിയേറ്റീവ് കെയറിലേക്കുമായി മരുന്ന് വാങ്ങുന്നതിനായി യഥാക്രമം 2ലക്ഷം, 5ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 115538, 292801 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. ആയതിനാൽ ബാക്കിയുള്ള രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു- 13.4 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് 0093 /17 , എസ് 0200 /17<br>(വികസനഫണ്ട് SCP) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 960000/-, 3,80,000/- |
| ബിൽ നമ്പർ/തീയതി | 16/16-17/31.03.17,<br>17/16-17, 31.03.17<br>19/16-17/31.03.17 |

വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായം എന്ന പ്രോജക്റ്റ് രൂപീകരിക്കുകയും അതനുസരിച്ച 96 സ്വയം സഹായ സംഘങ്ങൾക്ക് 10000 രൂപ നിരക്കിൽ ധനസഹായം നൽകി.എസ് സി വനിതാ സ്വയം സഹായ സംഘങ്ങൾക്ക് റിവോൾവിങ് ഫണ്ട് എന്ന പ്രോജക്ടിൽ 38 സ്വയം സഹായ സംഘങ്ങൾക്ക് 10000 രൂപ നിരക്കിൽ ഫണ്ട് നൽകി. റിവോൾവിങ് ഫണ്ട് എന്ന് പദ്ധതിയിൽ പറയുന്നുവെങ്കിലും അതിനുള്ള തെളിവുകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ധന സഹായം എന്ന രീതിയിലാണ് തുക വിതരണം ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ രേഖ പ്രകാരം സ്വയം സഹായ സംഘങ്ങൾക്ക് ധന സഹായം നല്കാൻ വ്യവസ്ഥയില്ല. റിവോൾവിങ് ഫണ്ട് നൽകുകയാണെങ്കിൽ അത് ഏതെങ്കിലും നിശ്ചിത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയാണ് നൽകേണ്ടത്. എന്നാൽ ഇവിടെ അങ്ങനെയൊരു പ്രത്യേക പദ്ധതിക്കായല്ല പണം ചെലവഴിച്ചി രിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കു വായ്പ അധിഷ്ഠിതമായി മാത്രമേ സംഘത്തിലെ അംഗങ്ങൾക്ക് നല്കുകയുള്ളു എന്ന് ചെയർപേഴ്സൺ മുഖേന ഉറപ്പു വരുത്തുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. ഇത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച 9.6 ലക്ഷം, 3.8 ലക്ഷം രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

## 3-8 സ്വയം തൊഴിൽ വായ്പ - ക്രമവിരുദ്ധമായി സബ്സിഡി തുക അനുവദിച്ചു

പ്രോജക്റ്റ് നമ്പർ : എസ്.ഒ 86 /17

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക : 746200 (വികസനഫണ്ട്)

ബിൽ നമ്പർ : തീയതി : 14/16-17, 30.03.17

എസ്.സി വിഭാഗത്തിലെ യുവാക്കൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതി ലേക്കായി ഓട്ടോ റിക്ഷ വാങ്ങി നല്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. വായ്പ അധിഷ്ഠിതമായ രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ വ്യക്തിക്കും 40000 രൂപയാണ് അനുവദിച്ച സബ്സിഡി തുക. പദ്ധതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ യുവാക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത രേഖകൾ ഹാജരാക്കിയിട്ടില്ല.

ബി തുക അനുവദിച്ച വ്യക്തികളിൽ ബിജു.വി.എസ് എന്ന വ്യക്തിക്ക് ബാഡ്ജ് ലഭിച്ചിട്ടില്ല.

സി രഞ്ജിത്.ആർ എന്ന വ്യക്തിക്ക് വായ്പ അനുവദിച്ചിരിക്കുന്നത് 22.03.2016ലും വാഹനം രജിസ്റ്റർ ചെയ്തിരിക്കുന്നത് 30.03.2016ലുമാണ്. ഇതിൽ നിന്നും ടിയാൻ വാഹനം വാങ്ങിയിരിക്കുന്നത് 2015-16 സാമ്പത്തിക വർഷത്തിലാണെന്നും ഈ പദ്ധതി രൂപീകരണത്തിന് വളരെ മുമ്പാണെന്നും മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ ടിയാന് സബ്സിഡി നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.11 ന് മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ശ്രീ രഞ്ജിത്.ആർ -നു സബ്സിഡി ആയി നൽകിയ 40000 രൂപ നിരാകരിക്കുന്നു.

## **3-9** <u>ലാപ് ടോപ്പ് വിതരണം - അധിക തുക ചെലവഴിച്ചു</u>

പ്രോജക്റ്റ് നമ്പർ : എസ് 0087/17

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക : 475000 (വികസനഫണ്ട്)

ബിൽ നമ്പർ : 5/2016-17തീയതി : 10.03.2017

എസ്.സി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നല്കുന്നതിനായാണ് പ്രൊജക്റ്റ് രൂപീകരിച്ചത്. ഇതിനായി ടെൻഡർ ക്ഷണിക്കുകയും ലഭിച്ച ടെൻഡറുകളിൽ നിന്നും ഫ്യൂച്ചർടെക്, തൈക്കാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. (തീരുമാനം നമ്പർ: II/5 തീയതി: 18.11.2016) ഒരു ലാപ്ടോപ്പിന് 24100രൂപയാണ് ടി സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക്. ഇതനുസരിച്ച് സപ്ലൈ ഓർഡർ നൽകുകയും 19 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തു. വാങ്ങിയ ലാപ്ടോപ്പിന്റെ

സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരമാണ്.

ASUS – 402SA-014T intel dual core processor, 2GB DDR RAM, 500GB hard disk, 14" screen, window 10, 1 year warranty, DVD writer, carry bag

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ മേല്പറഞ്ഞതിനെക്കാളും ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പ് ഹൈപ്പർടെക്ക് സിസ്റ്റംസ് എന്ന സ്ഥാപനം 23100 രൂപയ്ക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്.

ASUS – A553SA- intel quad core processor, 4GB DDR RAM, 500GB hard disk, 15.6" screen, window 10, 3 year warranty, DVD writer, carry bag

ഈ ക്വട്ടേഷൻ അവഗണിച്ചാണ് 24100 രൂപയ്ക്ക് ലാപ്ടോപ്പ് വാങ്ങിയത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 8, 10 ന്ന ഐകെഎം ടെക്നിക്കൽ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ലാപ്ടോപ്പ് വാങ്ങി എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ ഇതിനു വേണ്ട തെളിവുകൾ ഹാജരാക്കിയില്ല.

ഉയർന്ന സ്പെസിഫിക്കേഷനും കുറഞ്ഞ വിലയും ഉള്ള ലാപ്ടോപ്പ് വാങ്ങാതെ കുറഞ്ഞ സ്പെസിഫിക്കേഷനും കൂടിയ വിലയുമുള്ള ലാപ്ടോപ്പ് വാങ്ങിയതിനാൽ ഗുണത്തിൽ വീഴ്ചയും സാമ്പത്തികമായി നഷ്ടവും ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികമായി ചെലവഴിച്ച 19000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 വക്കീൽ ഫീസ് - ആദായ നികുതി ഈടാക്കുന്നില്ല.

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 (J) പ്രകാരം 30000/- രൂപയിൽ കൂടുതലുള്ള പ്രൊഫഷണൽ സേവന ഫീസ് നൽകുമ്പോൾ 10% നിരക്കിൽ ആദായ നികുതി ബില്ലിൽ കുറവ് ചെയ്യേണ്ടതാണ്. വൗച്ചറുകൾ പ്രകാരം അഡ്വ.ബി.എസ് സ്വാതികുമാറിന്റെ പഞ്ചായത്തിന്റെ 14 കേസുകളിന്മേലുള്ള ഫീസായി തൻവർഷം ആകെ 156000/- രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്ത് സ്യൂട്ട് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ടി കേസുകളുടെ വിശദാംശം പരിശോധിക്കാനായിട്ടില്ല. വൗച്ചർ പ്രകാരം ഫീസിൽ നിന്ന് ആദായ നികുതി കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കേസ് നം. | തുക | പേയ്മെന്റ് നം./ചെക്ക് നം. |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Cr.M.C -5302/14 | 11500 | 51600627 |
| 2 | WP (c) – 11175/2012 | 11500 | - ടി - |
| 3 | WP (c) – 567/12 | 11500 | - ടി - |
| 4 | WP (c) – 2775/15 | 12500 | - ടി - |
| 5 | WP (c) – 27685/15 | 9000 | - ടി - |
| 6 | RSA – 1142/15 | 15000 | |
| 7 | COC – 595/06 | 15000 | ചെക്ക് നം. 16289/31.3.17 |
| 8 | WP (c) -3638/17 | 15000 | ചെക്ക് നം. 16289/31.3.17 |
| 9 | COC/163/16 | 6000 | P.O 51600129 |
| 10 | WP (c) – 24446/2015 | 6000 | P.O 51600129 |
| 11 | WP (c) –13287/15 | 5500 | P.O 51600130 |
| മേൽപ്പറഞ്ഞ പ്രകാരം ആദായ നികുതി ഈടാക്കാത്തതിനാൽ ആകെ 15600/- രൂപ കേന്ദ്ര ഗവൺമെന്റിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. | | | |

## 3-11 പൊതു ടാപ്പുകളുടെ വെള്ളക്കരം - ഫയൽ ലഭ്യമല്ല – കുടിശ്ശികയുടെ കാര്യത്തിൽ അവ്യക്തത

കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ ബിൽ പ്രകാരം പഞ്ചായത്തിൽ ആകെ 464 പൊതു ടാപ്പുകളാണുള്ളത്. എല്ലാ മാസത്തെയും ബില്ലുകളിൽ ഗണ്യമായ ഒരു തുക കുടിശ്ശികയുള്ളതായി കാണിച്ചിരിക്കുന്നു. ടി കുടിശ്ശികയിന്മേലുള്ള ഫൈനും, തന്മാസത്തെ വെള്ളക്കരവും ചേർത്ത് വലിയ ഒരു തുകയ്ക്കുള്ള ഡിമാന്റ് നോട്ടീസാണ് കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് എല്ലാ മാസവും നൽകി വരുന്നത്. ഉദാഹരണമായി 2016 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് താഴെപ്പറയും പ്രകാരമാണ്.

31/03/16 വരെ കുടിശ്ശിക 479653

| | |
|---|---|
| ഫൈൻ | 9329 |
| തൻമാസത്തെ വെള്ളക്കരം - | 203000 |
| ആകെ ബിൽ തുക | 691982 |

എന്നാൽ പഞ്ചായത്ത് തൻമാസത്തെ വെള്ളക്കരം 203000/- രൂപ മാത്രമേ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുള്ളൂ.

ഭീമമായ കുടിശ്ശിക സംബന്ധമായ വിവരങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4- ന് നൽകിയ മറുപടിയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച A3/9588/16-ാം നമ്പർ ഫയലും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററിൽ 2016-17 വർഷത്തെ അടവു വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തിയിട്ടില്ല. മേൽ വിഷയത്തിൽ പഞ്ചായത്ത് അധികൃതർ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും വെള്ളക്കര കുടിശ്ശികയിൽ വ്യക്തത വരുത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതും ആണ്.

## 3-12 വികലാംഗ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ

വികലാംഗ പെൻഷൻ അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ ബാബു ആർ, എന്ന വ്യക്തിക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാതെ പെൻഷൻ അനുവദിച്ചു.

ബി സർക്കാർ ഉദ്യോഗസ്ഥന്റെ മകനും പെൻഷൻ അനുവദിച്ചതായി കാണുന്നു. ( അഭിജിത് ബി കെ)

സി അഭിജിത്, സീന എം എന്നീ വ്യക്തികൾക്ക് വരുമാന സർട്ടിഫിക്കറ്റ് ഇല്ലാതെ പെൻഷൻ അനുവദിച്ചു.

പെൻഷനുകൾ അനുവദിക്കുമ്പോൾ ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ok)

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 275/2010 തീയതി 27.10.2010 ത.സ്വ.ഭ.വ. | 16909500 | 524895 | - | - | 4678435 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | 22.2 | 1998മുതൽ 2004-05 വരെ യുള്ള ഓഡിറ്റ് സമാഹൃത റിപ്പോർട്ട് | | അവണാകുഴി ചന്ത ഗേറ്റ് ഫീസ് ഈടാ ക്കാത്തത് കാരണം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചത് സംബന്ധിച്ച് | റവന്യൂ റിക്കവറി നടപടികൾ ക്കായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95116033 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74377711 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1359000 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | - | 3000 | സുശീൽ കുമാർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |

| | | | |
|---|---|---|---|
| 3-8 | - | 40000 | വിഷ്ണു നമ്പൂതിരി, അസി.സെക്രട്ടറി |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1340000 | വിഷ്ണു നമ്പൂതിരി, അസി.സെക്രട്ടറി |
| 3-9 | 19000 | വിഷ്ണു നമ്പൂതിരി, അസി.സെക്രട്ടറി |

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക |
|---|---|
| ഇല്ല | |

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ഉദ്യോഗസ്ഥരുടെ പേര്,തസ്തിക | സ്ഥിര മേൽവിലാസം |
|---|---|
| വിഷ്ണു നമ്പൂതിരി, അസി.സെക്രട്ടറി | വൈഷ്ണവം, റ്റി.സി64/2326, തിരുവല്ലം, തിരുവനന്തപുരം-27 |
| സുശീൽ കുമാർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ | മിനിഭവൻ, കൈമനം, കുറ്റിക്കാട്, പാപ്പനംകോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97<br>1997-98<br>1998-99 | നം.എൽ.എഫ്,റ്റി.ഡി.ജി.പി.9/451763/99<br>തീയതി 13.9.2000 | 2<br>3<br>- |
| 1999-00 | നം.എൽ.എഫ്,റ്റി.ഡി.ജി.പി.6/(എ)/768/2001<br>തീയതി 6.11.2001 | ഇല്ല |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(എ)/918/2002<br>തീ. 8.10.03 | 5 |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/306/2004 തീ.12.11.04 | ഇല്ല |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/1418/2004 തീ. 23.8.05 | ഇല്ല |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/610/2006 തീ.21.8.2006 | ഇല്ല |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/1/2008 തീ.18.8.2008 | ഇല്ല |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/98/2008 തീ.18.8.2008 | 1 |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/128/2009 തീ.3.8.2009 | 12 |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/940/2011 | 2 |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/941/20011 തീ.15.11.2011 | 2 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/941/2011/തീ.15.4.11 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/1129/2012 തീ.10.4.13 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/539/2013 തീ.4.6.13 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/535/2014 തീ.18.6.14 | |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/417/15 തീ.16.4.2015 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/2120/16 തീ.16.3.17 | 15 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജി.പി3/767/17 തീ.6.5.17 | 5 |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഭാഗം 3-ൽ പരാമർശിച്ചിട്ടുള്ള 43,000/- രൂപയുടെ നിരാകരണം ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വരവ് ചെലവ് കണക്കുകൾ താഴെ പറയുന്ന അപാകതകൾ ഒഴികെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12-ലെ നമ്പർ 319/2003 ധന/തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

<u>ന്യൂനതകൾ</u>

1. ഇ.എം.എസ് ഭവന പദ്ധതി അടവ് വിവരംAFS -ൽ സൂചിപ്പിച്ചിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.